**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1364** **15-10-2026-ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിലുള്ള സാഹസിക ടൂറിസം കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് നിലവിലുള്ളത്; ട്രെക്കിംഗ്, വാട്ടർ സ്പോർട്സ്, പാരാഗ്ലൈഡിംഗ് തുടങ്ങിയ സാഹസിക ടൂറിസം പ്രവർത്തനങ്ങൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ാകേരളത്തിൽ വിവിധ ജില്ലകളിലായി ട്രെക്കിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ്, റാഫ്റ്റിംഗ്, സർഫിംഗ്, പാരാഗ്ലൈഡിംഗ്, മൗണ്ടൻ ബൈക്കിംഗ്, ക്യാമ്പിംഗ് തുടങ്ങിയ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ നിലവിലുണ്ട്. പ്രധാനമായും ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വാഗമൺ, മൂന്നാർ; വയനാട് ജില്ലയിലെ വൈത്തിരി, കരാപ്പുഴ, 900 കണ്ടി, സൂചിപ്പാറ, ബാണാസുര, കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിൽ, പുലിക്കയം, തുഷാരഗിരി, ബേപ്പൂർ, വയലട കാസറഗോഡ് ജില്ലയിലെ ബേക്കൽ റാണിപുരം കണ്ണൂർ ജില്ലയിലെ കമ്പായി മലപ്പുറം ജില്ലയിലെ മിനി ഊട്ടി, ഉുവൽതീരം ബീച്ച്. കക്കാടംപോയിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബീച്ച്, എറണാകുളം ജില്ലയിലെ തട്ടേക്കാട്, മലയാറ്റൂർ, മുനമ്പം, കുഴുപ്പള്ളി ബീച്ച് കോട്ടയം ജില്ലയിലെ വാഗമൺ, പത്തനംതിട്ട ജില്ലയിലെ സീതത്തോട് , ആങ്ങാമൂഴി, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ ബീച്ച്,വട്ടക്കായൽ, കൊല്ലം ജില്ലയിലെ തെന്മല, ജഡായു പാറ, അഡ്വഞ്ചർ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ വർക്കല, കോവളം, പൂവ്വാർ തുടങ്ങിയ പ്രദേശങ്ങളിൽ വിവിധ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾഎന്നിവയുടെ സഹകരണത്തോടെ സാഹസിക ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നു.

സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ 14.10.2019-ലെ സ.ഉ. (എം.എസ്.) നം. 18/2019/ടൂറിസം പ്രകാരം Kerala Adventure & Activity Based Tourism Safety and Security Guidelines പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗനിർദേശങ്ങളിൽ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ സുരക്ഷ, ആവശ്യമായ ഉപകരണങ്ങൾ, പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം, അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള സംവിധാനങ്ങൾ, പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സുരക്ഷാ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ടെന്റ് ക്യാമ്പിംഗ് പ്രവർത്തനങ്ങൾക്കായി 26.07.2021-ലെ സ.ഉ.(എം.എസ്.) നം. 13/2021/ടൂറിസം പ്രകാരം പ്രത്യേക മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന അർഹരായ യൂണിറ്റുകൾക്കും ഓപ്പറേറ്റർമാർക്കും വിനോദസഞ്ചാര വകുപ്പിന്റെ നിർദിഷ്ട നടപടിക്രമങ്ങൾ അനുസരിച്ച് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അപേക്ഷകൾ KATPS മുഖേന പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കി സർക്കാർ രൂപീകരിച്ച സംസ്ഥാനതല വിദഗ്ധ സമിതിയുടെ സൈറ്റ് ഇൻസ്പെക്ഷൻ ശേഷം വിദഗ്ധ സമിതി ടൂറിസം ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നു. ശേഷം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. രജിസ്ട്രേഷന്റെ കാലാവധി രണ്ട് വർഷമാണ്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സാഹസിക ടൂർ ഓപ്പറേറ്റർമാരെയും അവർക്ക് അംഗീകാരം ലഭിച്ചിട്ടുള്ള പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ കേരള ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**(ബി)** മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 14.10.2019-ലെ സ.ഉ. (എം.എസ്.) നം. 18/2019/ടൂറിസം പ്രകാരം Kerala Adventure & Activity Based Tourism Safety and Security Guidelines –ന്റെ അടിസ്ഥാനത്തിലാണ് സാഹസിക ടൂറിസം യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ അനുവദിച്ചുവരുന്നത്. രജിസ്ട്രേഷൻ നേടിയിട്ടുള്ള യൂണിറ്റുകൾ പ്രസ്തുത മാർഗനിർദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, നിലവിലുള്ള ചട്ടങ്ങളും മാർഗനിർദേശങ്ങളും അനുസരിച്ച് ടൂറിസം വകുപ്പിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

നിലവിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള സാഹസിക ടൂറിസം യൂണിറ്റുകൾക്കെതിരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതുമായി ബന്ധപ്പെട്ട പരാതികളൊന്നും ലഭിച്ചിട്ടില്ല. രജിസ്ട്രേഷൻ നേടിയിട്ടില്ലാത്ത യൂണിറ്റുകൾക്കെതിരായ പരാതികളിൽ, ബന്ധപ്പെട്ട നിയമങ്ങൾക്കും അധികാരപരിധിക്കും വിധേയമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(സി)** സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന് കീഴിൽ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും (KATPS) സംയുക്തമായി വിവിധ സാഹസിക ടൂറിസം ഫെസ്റ്റിവലുകളും കായിക പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വാഗമണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, കോഴിക്കോട് ജില്ലയിലെ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായി അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് ഫെസ്റ്റിവൽ (മലബാർ റിവർ ഫെസ്റ്റിവൽ), തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ, വയനാട് ജില്ലയിലെ മാനന്തവാടിയിൽ അന്താരാഷ്ട്ര മൗണ്ടൻ ടെറൈൻ ബൈക്കിംഗ് (MTB) ഫെസ്റ്റിവൽ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരിപാടികളിലൂടെ കേരളത്തിലെ സാഹസിക ടൂറിസം സാധ്യതകൾക്ക് ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രചാരം നൽകുന്നതിനും വിനോദസഞ്ചാരികളുടെ വരവ് വർധിപ്പിക്കുന്നതിനും സംസ്ഥാനത്തെ സാഹസിക ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**